**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2438** **23-02-2026-ൽ മറുപടിയ്ക്ക്**

**ലീവ് സറണ്ടർ, ശമ്പള പരിഷ്കരണ കുടിശ്ശിക എന്നിവ നൽകുന്നതിന് നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. ബഷീർ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സർക്കാർ ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം, മുൻ ശമ്പള പരിഷ്കരണ കുടിശ്ശിക എന്നിവ നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

**മറുപടി:**

- **27.03.2025 തീയതിയിലെ സ.ഉ.(അ) നം.36/2025/ധന നമ്പർ ഉത്തരവ് പ്രകാരം 2025-26 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ പി.എഫിൽ ലയിപ്പിക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ 01.04.2025 മുതൽ അനുവദിക്കാവുന്നതാണെന്നും, ഇപ്രകാരം ലയിപ്പിക്കുന്ന തുക നാല് വർഷത്തിന് ശേഷം മാത്രമേ പിൻവലിക്കാൻ അനുവദിക്കുകയുള്ളു എന്നും ഉത്തരവായിട്ടുണ്ട്. ഈ നിയന്ത്രണങ്ങളുടെ പരിധിയിൽ നിന്നും ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ (സബോർഡിനേറ്റ് സർവ്വീസിലെ ഓഫീസ് അറ്റൻഡന്റ്മാർ ഉൾപ്പെടെ), പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, മുൻസിപ്പൽ കണ്ടിജന്റ് ജീവനക്കാർ, ബഹു. മുഖ്യമന്ത്രിയുടെയും, ബഹു. മന്ത്രിമാരുടെയും, ബഹു. പ്രതിപക്ഷ നേതാവിന്റെയും, ബഹു. ചീഫ് വിപ്പിന്റെയും പേഴ്സണൽ സ്റ്റാഫിലെ ഓഫീസ് അറ്റൻഡന്റ്മാർ, കുക്ക് തസ്തികയിൽ ഉള്ളവർ എന്നിവരെ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.ഇവർക്കും, പി.എഫ്. ഇല്ലാത്ത ജീവനക്കാർക്കും ടി ആനുകൂല്യം പണമായി അനുവദനീയമാണ്.**

**പതിനൊന്നാം ശമ്പള പരിഷക്കരണ കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കൾ (25% വീതം) അനുവദിച്ച് കൊണ്ട് 29.03.2025 തീയതിയിലെ സ.ഉ.(അ) നം.38/2025/(79)/ധന ഉത്തരവും മൂന്നും നാലും ഗഡുക്കൾ (25% വീതം) അനുവദിച്ചു കൊണ്ട് 01.11.2025 തീയതിയിലെ സ.ഉ.(അ) നം.139/2025/(93)/ ധന ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.**

**സെക്ഷൻ ഓഫീസർ**